മാത്രമാണ്. പി. എസ്. സി. മുഖേന നിയമിക്കേണ്ടതിനെപ്പറ്റി അതുശ്യമായ നിർദ്ദേശം പി. എസ്. സി.യിൽനിന്നും കിട്ടാനുള്ളതു് പ്രതീക്ഷിക്കുകയാണു്. അതു കിട്ടിക്കഴിഞ്ഞാൽ മറ്റപ്രകാരം നിയമനങ്ങളും നടക്കുന്നതാണു്. മുൻപു് കണ്ടിൻജൻസി വകുപ്പിൽ നടന്നിട്ടുള്ള നിയമനങ്ങളും ഗുരുതരമായ ആരോപണമായി കൊണ്ടുവരുന്നതു് ശരിയല്ല.

ശ്രീ. പി. ടി. ചാക്കോ : ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ, ഇനി മേലാൽ ഡയറക്ടർ നേരിട്ടു നിയമിക്കരുതെന്നു ഗവണ്മെൻറിൽനിന്നും ഉത്തരവു് കൊടുത്തിരുന്നുവോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ നിയമനം ഒന്നും നടത്തരുതെന്നു് ഉത്തരവു കൊടുക്കാൻ നിവൃത്തിയില്ല; കാരണം ജോലി നടക്കണമല്ലോ.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയൊരു ഉത്തരവുണ്ടായതിനു ശേഷം ഡയറക്ടർ നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : കണ്ടിൻജൻസിയിൽ നിയമനം നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു ഉത്തരവിൻറെ ആവശ്യമില്ല. അതു് പെർമനൻറ് എസ്റ്റാബ്ലിഷ്മെൻറായി ഉയർത്തിയതിനുശേഷം, അതിനെപ്പറ്റി പി. എസ്. സി.യുമായി കൺസൾട്ടേഷൻ നടത്തുകയാണു്.

ശ്രീ. പി. ടി. ചാക്കോ : സർ, ഭരണകക്ഷിയിലെ ഒരു മെമ്പർ, ഇങ്ങനെയാരു ആരോപണം ഉന്നയിച്ചിരിക്കുകയാണു്. ഗവണ്മെൻറിൽനിന്നും, ഡയറക്ടർ നേരിട്ടു നിയമനം നടത്തരുതെന്നു് ഒരു ഉത്തരവിട്ടതിനുശേഷം, ഡയറക്ടർ നിയമനം നടത്തിയതായിട്ടാണു് പറയുന്നതു്. അതു മന്ത്രി നിഷേധിക്കുന്നുണ്ടോ ?

മി. സ്പീക്കർ : അങ്ങനെ ചെയ്തിട്ടില്ലെന്നു പറഞ്ഞുകഴിഞ്ഞല്ലോ.

തൊഴിലാളിയുടെ മുകൾ ലോറിമുട്ടി മരിച്ച സംഭവം.

* 1439. [22] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959 മേയ് ഒന്നാംതീയതി കൊല്ലത്തിനടുത്തുവച്ചു് ഒരു തൊഴിലാളിയുടെ മേൽ ലോറിമുട്ടി മരിച്ചതായ ഒരു സംഭവമുണ്ടായതു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈയാണ്ടിലെ മേയ്ദിനത്തിൽ ഉണ്ടായ ഈ അനിഷ്ടസംഭവത്തെപ്പറ്റി വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(സി) ഇതേപ്പറ്റി ഗവണ്മെൻറു വല്ല അന്വേഷണവും നടത്തിയോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 1959 മേയ് ഒന്നാംതീയതി ഇങ്ങനെയൊരു സംഭവം നടന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല; മേയ് മൂന്നാംതീയതി ഒരു സംഭവം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഈ വിഷയം അന്വേഷണത്തിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജ് : മേയ് മിനം പ്രമാണിച്ചു് ആർ. എസ്പി. പി. തൊഴിലാളികളും, കമ്മ്യൂണിസ്റ്റുകാരും നടത്തിയ പ്രകടനത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ ജാഥസഞ്ചരിച്ചിരുന്ന ഒരു ലോറിമുട്ടിയാണു് ഈ മരണം സംഭവിച്ചിട്ടുള്ളതെന്ന ആരോപണംപത്രങ്ങളിൽകണ്ടതു ഗവണ്മെൻറു ശ്രദ്ധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ലോറിമുട്ടി മരിച്ചതാണെന്നറിയാം; അതിനു് കേസു രജിസ്റ്റർ ചെയ്യു. അതു് അന്വേഷണത്തിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : ആ കേസിന്റെ നിയമപരമായ സാങ്കേതികവശങ്ങൾ എന്തായിരുന്നാലും, ഒരു തൊഴിലാളി ഇങ്ങനെ മരിക്കാൻ ഇടയായതിനെ പരിഗണിച്ചു് ഗവണ്മെന്റു് ആ കുടുംബത്തിനു് എന്തെങ്കിലും കാമ്പൻസേഷൻ കൊടുക്കാൻ ആലോചിക്കുമോ, അങ്ങനെ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല; കേസിന്റെ തീരുമാനത്തിനു ശേഷമേ സാധിക്കൂ.

ശ്രീ. പി. ടി. ചാക്കോ : മുട്ടിച്ച ലോറിയിൽ, ഒരു സംഘം ആളുകൾ ഒരു ജാഥയായി സഞ്ചരിച്ചിരുന്നതാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. തലേക്കര കെ. കൃഷ്ണൻ : സർ, പോയിന്റു് ഓഫ് ഓർഡർ. മുട്ടിച്ച ലോറിയിൽ എന്ന ചോദ്യം അനുവദിക്കാമോ ?

ശ്രീ. പി. ടി. ചാക്കോ : മുട്ടിയ ലോറിയിൽ എന്നു തിരുത്തും.

Mr. Speaker : All these points are for consideration in a court of law.

ശ്രീ. പി. ടി. ചാക്കോ : ആളുകളെ ലോറിയിൽ കയറ്റി യാത്ര ചെയ്യരുതെന്നു നിയമം ഉണ്ടായിരിക്കേ അങ്ങനെയൊരു കേസു രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ആ സംഭവത്തെ സംബന്ധിച്ചു് ഒരു കേസു രജിസ്റ്റർ ചെയ്തിട്ടുണ്ടു് ?

ശ്രീ. പി. ടി. ചാക്കോ : ലോറികളിൽ ആളുകൾകയറ്റി യാത്ര ചെയ്യുന്നതു് ഈ രാജ്യത്തു നിയമവിരുദ്ധമാണു്. അങ്ങനെ യാത്രചെയ്തതിനെ സംബന്ധിച്ചു് കേസു് എടുത്തിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ യാത്ര ചെയ്തിട്ടുണ്ടെങ്കിൽ പെർമിറ്റു വാങ്ങിച്ചിരിക്കും.

ശ്രീ. പി. ടി. ചാക്കോ : പെർമിറ്റു വാങ്ങിയാണു് അന്നു യാത്ര ചെയ്തതെന്നു മന്ത്രിക്കു് അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയായിരിക്കണം. അല്ലെങ്കിൽ കേസെടുത്തിരിക്കും.

ശ്രീ. പി. ടി. ചാക്കോ : കമ്മ്യൂണിസ്റ്റു പാർട്ടി ജാഥകൾക്കു വേറെ ക്കണക്കിനു് ആളുകളെ ലോറിയിൽക്കയറ്റിക്കൊണ്ടുവരുന്നതു് ആരുടെയും അനുവാദം വാങ്ങിച്ചിട്ടല്ലെന്നറിയാമോ ?

Mr. Speaker : That question does not arise.

നേഴ്സറി സ്കൂളുകൾ.

* 1440. [24] ശ്രീ. പി. രാമുണ്ണിക്കറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ കഴിഞ്ഞ 2 കൊല്ലങ്ങളിൽ എത്ര നഴ്സറി സ്കൂളുകൾ തുറന്നിട്ടുണ്ടു് ;

(ബി) ഇനിയും തുറക്കാനാലോചനയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly